No: 4227/K-5/KCBC/OL/DS 16.07.2026

# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2026 ആഗസ്റ്റ് 16
# കെസിബിസി എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ
# പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുര സ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത് ക്രൈസ്തവർ പലവിധത്തിൽ അടിമത്വത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗസ്റ്റ് 15ന് ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ CBCI (ഭാരത കത്തോലിക്ക മെത്രാൻ സമിതി) 1986-ൽ തീരുമാനം എടുത്തത്. ഈ വർഷം ആഗസ്റ്റ് 16-ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട അവശലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950ലെ പട്ടികജാതി ഉത്തരവിൻ പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധ മത വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതി വംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് വെറും മതവിവേചനമല്ല പ്രസ്തുത പരോക്ഷമായ മത പീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനവും ഭാരതത്തിന്റെ മതേതരത്വത്തിന് കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമത വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യമായ ഭാരതത്തിൽ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും അവഗണനയും വിവേചനവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത് ക്രൈസ്തവർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കുകയുള്ളു. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയിൽ കേരള സഭ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടി യിരിക്കുന്നു. KCBC SC, ST/ BC കമ്മീഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതകളും വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ

അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത് ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻ പ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോട് കരുണാപൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത് ക്രൈസ്തവരുടെ ക്ഷേമത്തിനായി KCBCയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് DCMS (ദളിത് കത്തോലിക്കാ മഹാജന സഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത് ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിന് SC, ST / BC കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാല് പദ്ധതികൾ T.S.D.T.P ഡവലപ്പ്മെന്റ് ടാലന്റ് പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഉടൻ പ്രായോഗികമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുകയാണ്. ജെ.ബി. കോശി കമ്മീഷൻ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകിയ ശുപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. നീതി ഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16-ാം തീയതി കേരള കത്തോലിക്കാ സഭയിലെ ഇടവകകളിൽ DCMS പതാക ഉയർത്തുകയും ഈ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരി ക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ദളിത് കത്തോലിക്ക സഹോദരങ്ങൾ സഭാഗാത്രത്തിന്റെ അഭിഭാജ്യ ഘടകമാണല്ലോ. അന്നത്തെ സ്തോത്ര കാഴ്ച പ്രത്യേ കമായി നമ്മുടെ ദളിത് സഹോദരങ്ങളുടെ ശാക്തീകരണത്തിനായി മാറ്റിവയ്ക്കപ്പെടുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

N:B: 2026 ആഗസ്റ്റ് 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോ ലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായി ക്കുമല്ലോ.